അടിയന്തിരാവസ്ഥയ്ക്ക്



## അടിയന്തിരാവസ്ഥയെ പുതുതലമുറ അടയാളപ്പെടുത്തുന്നു

**1975ലെ അടിയന്തിരാവസ്ഥയോട് ജയിലുകൾ നിറച്ചുകൊണ്ടാണ് ഇന്ത്യൻ യൗവനം പ്രതികരിച്ചത്. ഭരണകൂട ഫാസിസത്തോട് വീറോടെ കലഹിച്ച അക്കാലത്തെ യുവത്വത്തെക്കുറിച്ചുള്ള ഓർമ്മകൾ പുതിയ തലമുറയ്ക്ക് എങ്ങനെയാണ് അനുഭവപ്പെടുന്നത്? ചരിത്രപുസ്തകങ്ങളിൽ മാത്രം വായിച്ച് പരിചയിച്ചതും വാമൊഴിയായി കേട്ടറിഞ്ഞതുമായ അടിയന്തിരാവസ്ഥയെക്കുറിച്ച് അവർക്ക് എന്താണ് പറയാനുള്ളത്? വീണ്ടും അടിയന്തിരാവസ്ഥയുണ്ടായാൽ അവർ എന്താകും ചെയ്യുക?**

# ഇനി വരുന്നത് മൂലധനശക്തികൾക്ക് അനുയോജ്യമായ അടിയന്തിരാവസ്ഥ

**വിഷ്ണു**
**(വയസ് 26, കൊല്ലം സ്വദേശി, പൂർവ്വവിദ്യാർത്ഥി, പൊളിറ്റിക്കൽ സയൻസ്, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡൽഹി)**

എനിക്ക് അടിയന്തരാവസ്ഥയെ കുറിച്ചുള്ള കേട്ടറിവ് മാത്രമേ ഉള്ളു. വായനയിലൂടെയും കേൾവിയിലൂടെയും അറിഞ്ഞ കാര്യങ്ങൾ വെച്ച് ഞാൻ അടിയന്തരാവസ്ഥയോട് വിയോജിക്കുന്നുണ്ട്. എന്നാൽ റെയിൽവേയിലെ ജീവനക്കാരനായ എന്റെ അച്ഛൻ അടിയന്തരാവസ്ഥകാലത്തെ ചില ഗുണങ്ങൾ എടുത്ത് പറഞ്ഞത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് തീവണ്ടികളും ഓഫീസുകളും കൃത്യസമയം പാലിച്ചിരുന്നു എന്നത് അക്കാലത്തെ ഗുണങ്ങളായി അച്ഛൻ നിരീക്ഷിച്ചിരുന്നു. ഇന്നും അടിയന്തരാവസ്ഥ ഉണ്ട് എന്നാണ് എന്റെ പക്ഷം.

എനിക്കൊപ്പം ബാംഗ്ലൂരിൽ പഠിച്ചിരുന്ന മണിപ്പൂർ സ്വദേശിയായ അബ്നർ ഖയാർ നാട്ടിൽ പോയിട്ട് എട്ടുവർഷമായി. മണിപ്പൂരിലെ ഭരണകൂട ഇടപെടൽമൂലം നാട്ടിൽ നിന്ന് പലായനം ചെയ്ത് ബാംഗ്ലൂരിലും ഡൽഹിയിലുമായി കഴിയുന്ന ഒരുപാട് അബ്നർ ഖയാർമാരുണ്ട്. ഇക്കാരണത്താൽ ഇന്ത്യയിൽ ഇപ്പോഴും അടിയന്തരാവസ്ഥ ഉണ്ട് എന്നാണ് ഞാൻ കരുതുന്നത്. നാളെ അടിയന്തരാവസ്ഥയുണ്ടായാൽ മൂലധനശക്തികൾക്ക് അനുയോജ്യമായ തരത്തിലാകും അത്. അവർക്ക് വേണ്ടി പൗരന്മാരെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ജനങ്ങളുടെ പ്രഥമിക ആവശ്യങ്ങൾ നിറവേറ്റാതിരിക്കുകയും ചെയ്യുന്ന രൂപത്തിലായിരിക്കും അത്.

## പക്വതയില്ലായ്മയുടെ ഉത്പന്നം

**ശാക്കിർ എറവക്കാട്**

**(വയസ് 21, തൃശൂർ ഫൈൻ ആർട്സ് കോളേജ് വിദ്യാർത്ഥി)**

അടിയന്തരാവസ്ഥ പക്വതയില്ലായ്മയുടെ ഉത്പന്നമാണ് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിൽ രാജൻ കേസ് പോലെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായെങ്കിലും രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടായില്ല എന്നതിനുള്ള തെളിവാണ് അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള ജനവിധി വ്യക്തമാക്കുന്നത്. ഇന്ന് അടിയന്തിരാവസ്ഥയല്ല ഒരു തരം അരക്ഷിതാവസ്ഥയാണ് നിലനിൽക്കുന്നത്. ഉത്തരേന്ത്യയിലെ ദരിദ്രരായ കർഷകരെ കുത്തകകളും ഇടനിലക്കാരും ചൂഷണം ചെയ്യുന്നത് അമൂൽ ബേബി ജനറേഷന് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമെങ്കിലും പുതുതലമുറയിലെ ചിന്താശേഷിയുള്ളവരെ ഇത് വേട്ടയാടുന്നുണ്ട്. ഇനി അടിയന്തിരാവസ്ഥയ്ക്ക് സാധ്യതയില്ല. അഴിമതി നടത്തി നാടുമുടിക്കുന്നവർക്ക് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള സമയമുണ്ടാകാനിടയില്ല.

## ഭരണാധികാരിയുടെ ചങ്കുറപ്പ്

**അജയ്ഘോഷ്**

**(വയസ് 24, പട്ടാമ്പി സ്വദേശി, കെ.എസ്.യു പ്രവർത്തകൻ, മാസ് കമ്യൂണിക്കേഷൻ വിദ്യാർത്ഥി)**

ഞാൻ അന്ന് ജനിച്ചിട്ടില്ലാത്തതിനാൽ അനുകൂലിക്കാനോ പ്രതികൂലിക്കാനോ തയ്യാറല്ല. അടിയന്തരാവസ്ഥയ്ക്ക് നല്ലവശങ്ങളും ചീത്തവശങ്ങളും ഉണ്ടായേക്കാം അതേക്കുറിച്ച് സംസാരിക്കാൻ ഞാൻ ആളല്ല. എന്റെ അഭിപ്രായത്തിൽ ഇന്ത്യ കണ്ട ശക്തയായ ഒരു ഭരണാധികാരിയുടെ ചങ്കുറപ്പിന്റെ ഫലമാണ് അടിയന്തിരാവസ്ഥ. ബീഹാർ, മണിപ്പൂർ തുടങ്ങിയ സംസ്ഥാനങ്ങളിലെ ചില സ്ഥലങ്ങളിൽ അടിയന്തിരാവസ്ഥയ്ക്ക് സമാനമായ അവസ്ഥയുണ്ടെങ്കിലും രാജ്യം മുഴുവൻ അത്തരം ഒരു പ്രശ്നം നേരിടുന്നില്ല.

## വീണ്ടും വരുമോ എന്ന് ആശങ്ക

**ദീപക്ക്**

**(വയസ് 24, എസ്.എഫ്.ഐ പാലക്കാട് ജില്ലാ വൈസ്പ്രസിഡന്റ്)**

ജനങ്ങൾക്ക് കിട്ടിയ സ്വാതന്ത്ര്യത്തെ തടയിടാൻ ഭരണകൂടം ഉപയോഗിച്ച വൃത്തികെട്ട ഒരു രീതിയാണ് അടിയന്തിരാവസ്ഥ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അഴിമതിയും ദുർഭരണവും തുടർക്കഥയാകുമ്പോൾ ജനങ്ങൾ രൂക്ഷമായി പ്രതികരിച്ചാൽ അതിനെ തടയിടാൻ ഒരു ഉപായമായി വീണ്ടും അടിയന്തിരാവസ്ഥ സൃഷ്ടിക്കപ്പെട്ടേക്കാം എന്ന ആശങ്കയുണ്ട്. ഇന്ന് ഉത്തരേന്ത്യയിൽ പലയിടത്തും അടിയന്തിരാവസ്ഥയ്ക്ക് സമാനമായ സാഹചര്യമാണുള്ളത്.

## അനുകൂലിക്കാൻ കഴിയില്ല

**ഹസീന**

**(വയസ് 21, കുറ്റിപ്പുറം സ്വദേശി, പ്രാദേശികചാനൽ റിപ്പോർട്ടർ)**

അടിയന്തരാവസ്ഥയെ ഒരിക്കലും അനുകൂലിക്കാൻ കഴിയില്ല. അനീതിയെ ചോദ്യം ചെയ്തവരും നിരപരാധികളും അക്കാലത്ത് വേട്ടയാടപ്പെട്ടിട്ടുണ്ട്. ഇനിയൊരു അടിയന്തിരാവസ്ഥയ്ക്ക് സാധ്യതയുള്ളതായി എനിക്ക് തോന്നുന്നില്ല. എങ്കിലും ജനതയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ചിലയിടങ്ങളിലെങ്കിലും ഹനിക്കപ്പെടുന്നുണ്ട് എന്നത് ഇക്കാലത്തെ പ്രതിസന്ധിയാണ്.

**കാർട്ടൂൺ** **മധുസൂധനൻ**




## അടുത്തലക്കത്തിൽ

27 വർഷമായി ഭോപ്പാലിന്റെ
നീതിക്ക് വേണ്ടി പ്രവർത്തിക്കുന്ന
**സത്യനാഥ് സാരംഗിയുമായി അഭിമുഖം**

**രാമഗുണ്ടത്തിൽ കേരളത്തിന്റെ താപനിലയം: ആരാന്റെ വെളക്കത്ത് തമ്പ്രാന്റെ ഊണ്!**
- കെ. സഹദേവൻ

**കുടജാദ്രി യാത്രാനുഭവം**
- സി. രാജഗോപാലൻ

### ആണവവിരുദ്ധ സമ്മേളനം

ആഗസ്ത് 5 വെള്ളിയാഴ്ച തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ ആണവവിരുദ്ധ സമ്മേളനം, ക്ലാസ്സുകൾ, ആണവവിരുദ്ധ സമരാനുഭവങ്ങൾ പങ്കിടൽ, ചർച്ചകൾ, ഫോട്ടോ-പോസ്റ്റർ പ്രദർശനം, സമരപ്രവർത്തക ആലോചനായോഗം, സിനിമാ പ്രദർശനം- നവമാനവത്തിന്റെ മുൻകയ്യിൽ കേരളത്തിലങ്ങോളമിങ്ങോളമുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരുടെ പങ്കാളിത്തത്തോടെ കൂടിച്ചേരൽ നടത്തുന്നു. ബന്ധങ്ങൾക്ക് : ഷീബ അമീർ 9895021802

### വയനാട്ച്ചുരം - മഴനടത്തം

ജൂലായ് 30, 31 ന് കോഴിക്കോട് ജില്ലയിലെ അടിവാരത്ത് നിന്ന് വയനാട്ടിലെ ലക്കിടിയിലേക്ക് മഴയത്ത് നടക്കുന്നു. ശനിയാഴ്ച വൈകീട്ട് ലക്കിടിയിൽ താമസം. മഴയറിവുകൾ, കാലാവസ്ഥ, പ്രകൃതിയെതൊട്ടറിയിൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ... പങ്കെടുക്കാൻ താത്പര്യമുള്ളവർ മുൻകൂട്ടി അറിയിക്കുക.
ഫോൺ: 9446576943, 9446581778